# കുഞ്ഞാലിക്കുട്ടിയും കൃഷ്ണകുമാറും പ്രതികളായ പെൺവാണിഭകേസ്സ്: കുറ്റപത്രം നൽകുന്നില്ല

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: മുൻകേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ, മുൻ സംസ്ഥാനമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവർ ഉൾപ്പെട്ട കോതമംഗലം പെൺവാണിഭകേസ്സിൽ പ്രതികൾക്ക് കുറ്റപത്രം നൽകുന്നത് നീളുന്നു.

കോതമംഗലം കീരമ്പാറ ഗ്രാമത്തിലെ 16കാരിയെ ജോലികൊടുക്കാമെന്നു പറഞ്ഞ് അയൽക്കാരനായ യുവാവ് കൊണ്ടുപോയി പലർക്കായി കാഴ്ചവെച്ച കേസ്സിലാണ് ഉന്നതങ്ങളിൽ നിന്നുള്ള സമ്മർദ്ദംമൂലം തുടർനടപടികൾ വൈകുന്നത്. 1997 ഒക്ടോബർ 5ന് പെൺകുട്ടിയുടെ പരാതിപ്രകാരം കോതമംഗലം സി.ഐ. ക്രൈംനമ്പർ 384/97-ാം നമ്പറായി കേസ്സ് രജിസ്റ്റർ ചെയ്തിരുന്നു. 138 പേർ പ്രതികളാണീ കേസ്സിൽ. തിരിച്ചറിഞ്ഞ 43 പേർക്കെതിരേയും കണ്ടാലറിയുന്ന 95 പേർക്കെതിരെയുമാണ് കേസ്സെടുത്തിരിക്കുന്നത്. ഇതിൽ 41, 42 പ്രതികളാണ് കുഞ്ഞാലിക്കുട്ടിയും കൃഷ്ണകുമാറും. തിരുവനന്തപുരത്തുവെച്ച് പല തവണ തന്നെ മുൻമന്ത്രിമാർ പീഡിപ്പിച്ചതായി പെൺകുട്ടി മൂവാറ്റുപുഴ ജുഡീഷ്യൽ സെക്കൻറ്ക്ലാസ്സ് മജിസ്ട്രേറ്റ് മുമ്പാകെ മൊഴിനൽകിയിട്ടുണ്ട്.

മൂന്നുവർഷം കഴിഞ്ഞിട്ടും തുടർനടപടികളുണ്ടായില്ല. അടുത്തിടെ സംഭവം വീണ്ടും ചൂടുപിടിച്ചു. ഈ സാഹചര്യത്തിൽ അടുത്തുതന്നെ ചില പ്രതികൾക്ക് കുറ്റപത്രം നൽകുമെന്ന് മൂവാറ്റുപുഴ ഡി.വൈ.എസ്.പി. ഹെൻട്രി ജോൺസൺ പറഞ്ഞിരുന്നു. എന്നാൽ പ്രതികളിൽ പലരേയും ഒഴിവാക്കി ചോദ്യംചെയ്യാൻ പോലും പോലീസിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

മൂവാറ്റുപുഴയിലെ ഒരു സ്വകാര്യ ബസ്സ്ഡ്രൈവറായ അഷറഫാണ് ഈ കേസ്സിൽ ഒന്നാംപ്രതി. സർക്കസ്സ് കമ്പനിയുടമയായ ശിവൻ, ഭാര്യ മായ, വർഗ്ഗീസുകുട്ടി, പയസ്, മധു, ജോസഫ്, പുണ്യകുമാർ, ഏലിയാമ്മ, പനവിള വിജയൻ, സോണി കുമാർ തുടങ്ങിയവരാണ് തിരിച്ചറിഞ്ഞ പ്രതികളിൽ ചിലർ. അഷറഫാണ് മായയുടെ സഹായത്തോടെ പെൺകുട്ടിയെ വിവാഹം കഴിക്കാമെന്ന് വാഗ്ദാനം ചെയ്ത് കൊണ്ടുപോയത്. ഉടുമ്പൻചോല സബ്ബ് രജിസ്ട്രാഫീസിൽ വെച്ച് വിവാഹകരാറിൽ ഒപ്പുവെയ്ക്കുകയും ചെയ്തിരുന്നു. പിന്നീടാണ് കുട്ടിയെ പലർക്കും കാഴ്ചവെച്ചത്. തുടർന്ന് 2000 രൂപയ്ക്ക് പെൺകുട്ടിയെ സോണിക്ക് വിൽക്കുകയായിരുന്നു. സോണിയാണ് പല ഉന്നതർക്കും പെൺകുട്ടിയെ കാഴ്ചവെച്ചത് എന്നുപറയുന്നു. ശാരീരികമായി അവശയായ പെൺകുട്ടിയെ ഒടുവിൽ വീട്ടിൽക്കൊണ്ടുവന്ന് വിടുകയായിരുന്നു. വീട്ടിലെത്തിയതിൻെറ പിറ്റേനാൾ ധ്യാനത്തിനായി മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെത്തിയ പെൺകുട്ടിയിൽ നിന്ന് കാര്യങ്ങൾ മനസ്സിലാക്കിയ പുരോഹിതനാണ് പോലീസിൽ പരാതിപ്പെടാൻ മാതാപിതാക്കളോട് ഉപദേശിച്ചത്. മൂവാറ്റുപുഴ ഗവൺമെണ്ടാശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഇന്ദിരാദേവി കുട്ടിയെ പരിശോധിച്ച് ലൈംഗികപീഡനങ്ങൾ നടന്നതായി സ്ഥിരീകരിച്ചിരുന്നു.

സംസ്ഥാനത്ത് ഇതുവരെ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ളതിൽ വെച്ച് പ്രതികളുടെ എണ്ണംകൊണ്ട് (138) ഏറ്റവും വലിയ പെൺവാണിഭകേസ്സാണ് കോതമംഗലത്തേത്. ആരംഭത്തിൽ മൂവാറ്റുപുഴ ഡി.വൈ.എസ്.പി. യായിരുന്ന മാർട്ടിൻ കെ. മാത്യുവിൻേറയും കോതമംഗലം സി.ഐ. മാത്യു പോളിൻേറയും നേതൃത്വത്തിൽ കേസ്സന്വേഷണം കാര്യമായി പുരോഗമിച്ചിരുന്നു. ഇതിനിടയിൽ പെട്ടെന്ന് അവരെ സ്ഥലംമാറ്റുകയായിരുന്നു. തുടർന്ന് അന്വേഷണം നി

(ശേഷം പേജ് 5)